KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

150 YEARS OF CELEBRATING THE MAHATMA

റഫ.നമ്പർ: 2312/4312 | തീയതി: 30.04.2021

## സർക്കുലർ നമ്പർ 38/2021 (P&HR)

വിഷയം : കോവിഡ് രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ കെ.എസ്.എഫ്.ഇ യുടെ പ്രവർത്തനം ക്രമീകരിക്കുന്നത് സംബന്ധിച്ച്.

സൂചന:
1. 29.04.2021 ൽ നടന്ന മുഖ്യമന്ത്രിയുടെ പത്രസമ്മേളനം
2. 16.04.2021 ലെ സർക്കുലർ നമ്പർ 28/2021(P&HR)
3. 20.04.2021 ലെ 3006/Plg നമ്പർ കത്ത്
4. 21.04.2021 ലെ 3006/Plg നമ്പർ കത്ത്
5. G.O(Rt) No. 378/2021/DMD dt 21.04.2021
6. 22.04.2021 ലെ സർക്കുലർ നമ്പർ 31/2021 (P&HR)
7. 28.04.2021 ലെ സർക്കുലർ നമ്പർ 36/2021 (P&HR)

** ** **

സൂചന (1) പ്രകാരം, ബഹു. മുഖ്യമന്ത്രി നടത്തിയ പത്രസമ്മേളനത്തിൽ ബാങ്കുകളുടെ പ്രവർത്തന സമയം ഉച്ചതിരിഞ്ഞ് 2 മണി വരെയായി നിജപ്പെടുത്തിയിട്ടുണ്ടെന്നും ആയത് പാലിക്കേണ്ടതാണെന്നും പറയുകയുണ്ടായി. നമ്മുടെ സ്ഥാപനം ബാങ്കിങ്ങ് സ്ഥാപനം അല്ലെങ്കിലും പൊതുജനദൃഷ്ടിയിൽ അതേ സ്വഭാവം പ്രകടിപ്പിക്കുന്ന ഒന്നായതുകൊണ്ടും അടുത്ത ആഴ്ച കോവിഡ് വ്യാപനം തടയാൻ പ്രത്യേകം ശ്രദ്ധ ചെലുത്തണമെന്നുമുള്ള വിദഗ്ദ്ധാഭിപ്രായങ്ങൾ കണക്കിലെടുത്തും ഇനിയൊരറിയിപ്പുണ്ടാകുന്നതുവരെ നമ്മുടെ ശാഖകൾ / ഓഫീസുകൾ പ്രവർത്തിക്കേണ്ടത് താഴെപ്പറയുന്ന നിർദ്ദേശങ്ങൾക്ക് അനുസൃതമായാണ്.

1. ശാഖകളുടെ / ഓഫീസുകളുടെ പ്രവർത്തന സമയം രാവിലെ 10 മണി മുതൽ ഉച്ചതിരിഞ്ഞ് 2 മണി വരെ ആയിരിക്കും
2. സായാഹ്നശാഖകളും മേൽപ്പറഞ്ഞ സമയക്രമം പാലിച്ചാണ് പ്രവർത്തിക്കേണ്ടത്.
3. എല്ലാ ചിട്ടിലേലങ്ങളും ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നത് വരെ മാറ്റിവെച്ചിരിക്കുന്നു.
4. 50 ശതമാനം ജീവനക്കാരെ വെച്ചാണ് ശാഖകളും ഓഫീസുകളും പ്രവർത്തിക്കേണ്ടത്. 2021 മേയ് 3 മുതൽ 7 വരെ 50 ശതമാനം പേരെ ജീവനക്കാർ ശാഖകളിൽ / ഓഫീസുകളിൽ ഹാജരായി പ്രവർത്തിക്കുകയും ബാക്കിയുള്ള ജീവനക്കാർ വീടുകളിൽ ഇരുന്ന് ശാഖകൾക്ക്/ ഓഫീസുകൾക്ക് ആവശ്യമായ പിന്തുണ നൽകി പ്രവർത്തിക്കുകയും ചെയ്യുക. 2021 മേയ് 10 മുതൽ 14 വരെ നേരത്തേ വീടുകളിൽ ഇരുന്ന് പ്രവർത്തിച്ചിരുന്നവർ ശാഖകളിൽ / ഓഫീസുകളിൽ ഹാജരായി പ്രവർത്തിക്കുകയും മറ്റുള്ളവർ വീടുകളിൽ ഇരുന്ന് ശാഖകൾക്ക് / ഓഫീസുകൾക്ക് ആവശ്യമായ പിന്തുണ നൽകി പ്രവർത്തിക്കുകയും ചെയ്യുക എന്ന രീതിയാണ് അവലംബിക്കേണ്ടത്.
5. കോവിഡ് രോഗവ്യാപനം തടയുന്നതിനായി ആവർത്തിച്ചാവർത്തിച്ച് തന്നിട്ടുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

6. നേരിട്ട് ജോലിക്ക് ഹാജരാകുന്ന ജീവനക്കാരുടെ എണ്ണത്തിൽ വരുന്ന കുറവുമൂലം, ഇടപാടുകാർക്ക് ലഭ്യമാക്കേണ്ട സേവനത്തിൽ ഒരു കുറവും വരുത്താതിരിക്കാൻ ശാഖാ / ഓഫീസ് മേലധികാരികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അതുപോലെത്തന്നെ ശാഖകളുടെ / ഓഫീസുകളുടെ ശുചിത്വം പാലിക്കുന്ന കാര്യത്തിലും ഒരു കാരണവശാലും വിട്ടുവീഴ്ച ചെയ്യരുത്
7. നാമമാത്രമായ ജീവനക്കാർ മാത്രം ഉള്ള ശാഖകളിൽ / ഓഫീസുകളിൽ അതാത് സാഹചര്യങ്ങൾ പ്രകാരമാണ് നിർദ്ദേശം 4 ൽ പറഞ്ഞിട്ടുള്ളവ പാലിക്കേണ്ടത്.

ഓരോരോ ശാഖകളുടെയും ഓഫീസുകളുടെയും സാഹചര്യം കണക്കിലെടുത്ത് വേണം ശാഖാമാനേജർമാർ യുക്തമായ രീതിയിൽ മേൽനിർദ്ദേശങ്ങൾ നടപ്പിൽ വരുത്തേണ്ടത്. തീവ്ര / അതിതീവ്ര മേഖലകളിൽ കൂടുതലായ നിർദ്ദേശങ്ങൾ രോഗവ്യാപനം തടയുന്നതിനായി നിയോഗിക്കപ്പെട്ട അധികൃതർ നൽകുകയാണെങ്കിൽ അവ അനുസരിക്കേണ്ടതാണ്. അത്തരം സാഹചര്യങ്ങളിൽ പ്രസ്തുത നിർദ്ദേശങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ട കെ.എസ്.എഫ്.ഇ മേഖലാ ഓഫീസുകളെ കാലതാമസം കൂടാതെ അറിയിക്കേണ്ടതുമാണ്. മേൽ നിർദ്ദേശങ്ങളെ സംബന്ധിച്ച് ഇടപാടുകാരെ അറിയിക്കേണ്ടതും അവരുടെ സഹകരണം അഭ്യർത്ഥിക്കേണ്ടതുമാണ്

**കെ.എസ്.എഫ്.ഇ. യ്ക്കു വേണ്ടി**

**സുബ്രഹ്മണ്യൻ വി.പി.**
**മാനേജിംഗ് ഡയറക്ടർ**

To:**എല്ലാ ശാഖാ തലവൻമാർക്കും**

പകർപ്പ്:

| | | | |
|---|---|---|---|
| i. | എല്ലാ മേഖല ഓഫീസുകൾക്കും : | iv | എല്ലാ എസ്.ഡി.റ്റി ഓഫീസുകൾക്കും |
| ii. | ഹെഡ് ഓഫീസിലെ എല്ലാ വകുപ്പ മേധാവികൾക്കും | v | എം.ഡി. യുടെ പി.എ. |
| iii. | എല്ലാ ഐ.എ.ഡി ടീമുകൾക്കും / പ്രിവന്റീവ് വിജിലൻസ് സ്ക്വാഡ്കൾക്കും | vi | സർക്കുലർ ഫയൽ |